"ഭരണഭാഷ മാതൃഭാഷ"

ICDS/A3-38279/15

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 13.10.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐസിഡിഎസ് - അങ്കണവാടികളുടെ basic details e-jeevika software ൽ update ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:

വകുപ്പിന്റെ e-jeevika software ൽ അങ്കണവാടികളെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങളിൽ ഭൂരിഭാഗവും വർഷങ്ങൾക്ക് മുൻപ് data entry നടത്തിയിട്ടുള്ളതും നാളിതുവരെ യാതൊരു updation നും നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നതുമാണ്. അങ്കണവാടികളെ സംബന്ധിക്കുന്ന പ്രാഥമിക വിവരങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാർ, നിയമസഭ, ലോകസഭ, രാജ്യസഭ എന്നിവിടങ്ങളിൽ നിന്നും ആവശ്യപ്പെടുമ്പോൾ, ഓരോ പ്രാവശ്യവും ജില്ലാ/ പ്രോജക്ട് തലത്തിൽ റിപ്പോർട്ട് നൽകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടിയാണ് software ൽ updation നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്. 2020 മാർച്ചിൽ നടത്തിയ Regional Review Meeting ലും പ്രസ്തുത updation നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെ യാതൊരു updation നും നടത്താതെ പ്രോജക്ട്/ അങ്കണവാടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൂടാതെ software ൽ ഉണ്ടായിരുന്നുവെന്ന് പല സിഡിപിഒമാരും റിപ്പോർട്ട് ചെയ്തിട്ടുള്ള technical issues പരിഹരിക്കുകയും അങ്കണവാടികളെ സംബന്ധിക്കുന്ന അടിസ്ഥാന ചോദ്യങ്ങളിൽ ചില പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അങ്കണവാടികളെ സംബന്ധിക്കുന്നതും ,അങ്കണവാടികളുടെ staff details നെ സംബന്ധിച്ചുള്ള

എല്ലാ വിവരങ്ങളും പരിശോധിക്കുകയും എല്ലാ ചോദ്യങ്ങളും (പുതുതായി ഉൾപ്പെടുത്തിയത് ഉൾപ്പെടെ) കൃത്യതയോടു കൂടി data entry നടത്തുന്നതിനും സൂപ്പർവൈസർമാർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. സൂപ്പർവൈസർമാർ update ചെയ്തിട്ടുള്ള വിവരങ്ങൾ സിഡിപിഒമാർ പരിശോധിക്കുകയും ടി വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്ന് ഉറപ്പുവരുത്തി data approve ചെയ്യുകയും പ്രോജക്ട് തലത്തിൽ ഇവയുടെ ഹാർഡ്കോപ്പി പ്രോഗ്രാം ഓഫീസർക്ക് നൽകുകയും, പ്രോഗ്രാം ഓഫീസർമാർ ജില്ലാതല റിപ്പോർട്ട് നവംബർ 10 നകം സാക്ഷ്യപ്പെടുത്തി ഈ ഓഫീസിൽ നൽകേണ്ടതുമാണ്.

ടി software ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളായിരിക്കും മേൽ ഓഫീസുകളിൽ നിന്നും അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച് ആവശ്യപ്പെടുന്ന ചോദ്യങ്ങൾക്കുള്ള മറുപടി ആയി നൽകുന്നത്. ആയതിനാൽ പ്രസ്തുത വിവരങ്ങളിൽ ഉണ്ടാകുന്ന അപാകതയ്ക്ക് സിഡിപിഒ/ പ്രോഗ്രാം ഓഫീസർമാർ ഉത്തരവാദികളായിരിക്കും. നവംബർ 10 നകം data entry യും approval ഉം പൂർത്തിയാക്കേണ്ടതും ടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. ടി തീയതി കഴിഞ്ഞാൽ data entry യും approval നും ഉള്ള provision software ൽ lock ചെയ്യുന്നതായിരിക്കും. ആയതിനാൽ ഒരു കാരണവശാലും ഇതിൽ കാലതാമസം വരുത്തുവാൻ പാടുള്ളതല്ല.

വനിത ശിശു വികസന ഡയറക്ടർ

**പകർപ്പ്**

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ സിഡിപിഒമാർക്കും
3. എല്ലാ സൂപ്പർവൈസർമാർക്കും (സിഡിപിഒ മുഖേന)
4. സ്റ്റോക്ക് ഫയൽ/ സ്പെയർ